**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പാലക്കാട് നഗരസഭയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി സിഷ കെ.എസ്. മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ.(ഇ.കെ.എം.) 1952/ 18 കേസിൽ 19/ 10/ 18 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3253/ 2018/തസ്വഭവ തീയതി, തിരുവനന്തപുരം, 28.12.2018

പരാമർശം : 1.പാലക്കാട് നഗരസഭയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി സിഷ കെ.എസ്, ജാസ്മിൻ സി.ഐ, പിറവം നഗരസഭയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി റസീന കെ എം എന്നിവർ സർക്കാരിൽ സമർപ്പിച്ച 02.09.2018 തീയതിയിലെ നിവേദനങ്ങൾ( Annexure A3, A4 & A5).

**2.** ശ്രീമതി സിഷ കെ.എസ്. മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ.(ഇ.കെ.എം.) 1952/ 18 കേസിൽ 19/ 10/ 18 തീയതിയിലെ വിധിന്യായം.

**3.** നഗരകാര്യഡയറക്ടറുടെ 23.11.2018 തീയതിയിലെ ഇ 5-21285/ 2018 നം. കത്ത്.

## ഉത്തരവ്

നഗരകാര്യ ഡയറക്ടറുടെ 22/ 07/ 2016 ലെ ഉത്തരവ് പ്രകാരം ശ്രീമതി.സിഷ കെ.എസ്., ജാസ്മിൻ സി.ഐ എന്നീ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്മാരെ യഥാക്രമം കൊച്ചി നഗരസഭയിൽ നിന്നും പെരുമ്പാവൂർ നഗരസഭയിൽ നിന്നും പാലക്കാട് നഗരസഭയിലേയ്ക്കും ശ്രീമതി റസീനയെ കൊച്ചി നഗരസഭയിൽ നിന്നും 24/ 10/ 16 ലെ ഉത്തരവ് പ്രകാരം പിറവം നഗരസഭയിലേയ്ക്കും ഭരണപരമായ സൗകര്യാർത്ഥം മാറ്റി നിശ്ചയിച്ചിരുന്നു. പ്രസ്തുത ജില്ലകളിൽ നിന്ന് തങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള ജില്ലകളിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ട് ടിയാളുകൾ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് അപേക്ഷകർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.) 1952/ 18 നമ്പർ കേസിന്മേൽ 19.10.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അപേക്ഷകർ സർക്കാരിൽ സമർപ്പിച്ച അനക്ഷർ

എ 3 മുതൽ എ 5 വരെയുള്ള നിവേദനത്തിൽ, അപേക്ഷകരെ നേരിൽക്കേട്ട് രണ്ട് മാസത്തിനുള്ളിൽ, തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീമതി സിഷ കെ.എസ്. മുതൽ പേരെ 28/11/2018 തീയതിയിൽ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം തങ്ങളെ നിയമിക്കുന്ന അവസരത്തിൽ നിയമനം നടത്തിയിരുന്നത് സംസ്ഥാനതലത്തിലായിരുന്നുവെന്നും ഇപ്പോൾ ജില്ലാതലത്തിലാണ് പി.എസ്.സി നിയമനം നടക്കുന്നതെന്നും ജില്ലയിലുണ്ടാകുന്ന ഒഴിവുകൾ ജില്ലാ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നതിനാൽ സ്ഥലംമാറ്റം നൽകുന്നതിന് ഒഴിവുകൾ ജില്ലകളിൽ ഇല്ലായെന്നും അതിനാൽ തങ്ങൾക്ക് ഹോംസ്റ്റേഷനിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണെന്നും 10-15 വർഷങ്ങളായി ഒരേ സ്റ്റേഷനിൽ പലരും തുടർന്നുവരുന്നുണ്ടെന്നും അവരെ മാറ്റാതെയിരിക്കുകയാണെന്നും തങ്ങളുടെ ഹോംസ്റ്റേഷനിൽ നിയമിക്കണമെന്ന അഭ്യർത്ഥന നടപ്പാക്കുന്നില്ലെന്നും അറിയിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം പാലക്കാട് നഗരസഭയിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്, ശ്രീമതി സിഷ.കെ.എസ്. (നിലവിൽ ചേർത്തല നഗരസഭ) കൊച്ചി നഗരസഭയിലേക്കും ശ്രീമതി ജാസ്മിൻ സി.ഐ കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ എന്നീ നഗരസഭകളിലേയ്ക്കും പിറവം നഗരസഭയിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ശ്രീമതി റസീന. കെ.എം കൊച്ചി നഗരസഭയിലേക്കുമാണ് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളത്. കൊച്ചി, കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ നഗരസഭകളിൽ നിലവിൽ ഒഴിവില്ല. ശ്രീമതി. ജാസ്മിൻ സി.ഐ യുടെ ആവശ്യപ്രകാരം പരിശോധിച്ചതിൽ ക്യൂ ലിസ്റ്റ് പ്രകാരം മൂവാറ്റുപുഴ, കോതമംഗലം എന്നീ നഗരസഭകളിലേയ്ക്ക് ഒന്നാമതായും പെരുമ്പാവൂർ നഗരസഭയിൽ ആറാമതായും ടിയാരി ഉൾപ്പെട്ടിട്ടുണ്ട്. ടി നഗരസഭകളിൽ ഉണ്ടാകുന്ന ഒഴിവിൽ ക്യൂ ലിസ്റ്റിലെ അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ജാസ്മിൻ സി.ഐക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതാണ് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു. ശ്രീമതി.റസീന. കെ.എം, പിറവം നഗരസഭയിൽ നിന്നും കൊച്ചി നഗരസഭയിലേക്കാണ് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളത്. ക്യൂ ലിസ്റ്റ് പ്രകാരം കൊച്ചി നഗരസഭയിലേക്ക് ടിയാളുടെ സ്ഥാനം അഞ്ചാമതാണ്. ടിയാരി എറണാകുളം ജില്ലയിലെ പിറവം നഗരസഭയിലാണ് ജോലി നോക്കുന്നത്. താമസസ്ഥലമായ ഫോർട്ട് കൊച്ചിയിൽ നിന്നും 50 കി.മീ. ചുറ്റളവിലാണ് പിറവം നഗരസഭ. ക്യൂ ലിസ്റ്റിലെ അർഹത പരിഗണിച്ച് കൊച്ചി നഗരസഭയിൽ ഉണ്ടാകുന്ന ഓപ്പൺ ഒഴിവിൽ ടിയാരിക്കും സ്ഥലംമാറ്റം നൽകുന്നതാണ് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

4. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം സംബന്ധിച്ച് അപേക്ഷകൾ ക്ഷണിച്ച് 12/08/18 ൽ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്, പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച 25/02/17 ലെ സ.ഉ.3/17/P&ARD എന്ന ഉത്തരവിനനുസൃതമായിട്ടാണ് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ അപേക്ഷകർക്ക് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ അപേക്ഷകർ മൂന്നുപേരും സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് ഏതെങ്കിലും മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരല്ല. അതിനാൽ മാനദണ്ഡം അനുവദിച്ചുള്ള ആനുകൂല്യത്തിനു മാത്രമേ അർഹത കാണുന്നുള്ളൂ. എന്നാൽ ഒരേ സ്ഥലത്ത് 10 വർഷത്തിലധികമായി സേവനത്തിൽ തുടർന്നുവരുന്നവരെ സ്ഥലംമാറ്റാതെയിരിക്കുന്നതിനാൽ തങ്ങൾക്ക് അവിടങ്ങളിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് അവസരം ലഭിക്കുന്നില്ല എന്ന പരാതിയാണ് ഉന്നയിച്ചിട്ടുള്ളത്. ആരൊക്കെയാണ് അപ്രകാരം വർഷങ്ങളായി ഒരേ സ്ഥലത്ത് ജോലി നോക്കുന്നത് എന്നത് അപേക്ഷകർ അറിയിച്ചിട്ടില്ല.

6. മേൽ സാഹചര്യത്തിൽ 10-20 വർഷങ്ങളായി ഒരേ സ്ഥലത്ത് ജോലി നോക്കുന്നവരെ മാറ്റാത്തത് കാരണം അപേക്ഷകരെപ്പോലെയുള്ളവർക്ക് ഹോംസ്റ്റേഷനിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് സാധിക്കുന്നില്ല എന്ന പരാതി, 2019 ലെ ക്യൂ ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതിനും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരായ ശ്രീമതി.സിഷ കെ.എസ്., ശ്രീമതി. ജാസ്മിൻ സി.ഐ, ശ്രീമതി റസീന എന്നിവർക്ക് ക്യൂ ലിസ്റ്റിൻ പ്രകാരം സ്ഥലംമാറ്റം നൽകുന്നതിനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപേക്ഷകർ സമർപ്പിച്ച അനക്ഷർ എ 3, എ 4, എ 5 അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എ സ്.മോഹൻദാ സ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.സിഷ കെ.എസ്., ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്,പാലക്കാട് നഗരസഭ

ശ്രീമതി. ജാസ്മിൻ സി.ഐ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്,പാലക്കാട് നഗരസഭ

ശ്രീമതി റസീന, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, പിറവം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ